## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 55 — 28-11-2018 -ൽ മറുപടിക്ക്

### ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ടി.ബൽറാം**<br>**ശ്രീ. ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ. അനിൽ അക്കര**<br>**ശ്രീ. എ.പി. അനിൽ കുമാർ** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്ത് സർവ്വനാശം വിതച്ച പ്രളയം നേരിടുന്നതിൽ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം പൂർണ്ണ പരാജയമായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) & ബി) | ഇത്തരം ഒരു ആക്ഷേപത്തിന് ഒരു അടിസ്ഥാനവും ഇല്ല. |
| ബി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ ഡാമുകളും ഒരേ സമയം തുറന്നുവിടുന്നതിനു മുമ്പ് ദുരന്ത നിവാരണ അതോറിട്ടി വേണ്ടത്ര മുൻകരുതലുകൾ സ്വീകരിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) | ഓഖി ദുരന്തത്തിന് ശേഷം സംസ്ഥാനത്തെ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നത്; | സി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ പുതുതായി 10 വിവിധ വിഷയ വിദഗ്ധരെ നിയമിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ല കളക്ടർമാർക്കും ഉപഗ്രഹ ഫോൺ നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യ ഘട്ടമായി വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലാ കളക്ടർമാർക്ക് ഉപഗ്രഹ ഫോൺ നൽകിയിട്ടുണ്ട്. Location Based Messaging System എന്ന സാങ്കേതിക വിദ്യ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. കടലിൽ മത്സ്യതൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കുവാൻ ആകാശവാണിയുടെ Medium Wave സംവിധാനം പുനരാരംഭിക്കണം എന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. United Nations Development Programme, സംസ്ഥാനത്തെ 7 ജില്ലകളിലും, സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് അധിക സാങ്കേതിക വിദഗ്ദ്ധരെ ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപീകരിച്ച് 50 സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകി. ഇതിന് തുടർച്ചയായി 150 പേരുടെ പരിശീലനം നടത്തുന്നതാണ്. മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുവാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം തയ്യാറാക്കുവാൻ Centre for Water Resources Development and Management, Kerala Forest Research Institute, MG University and Kerala State Remote Sensing and Environment Centre എന്നിവരെ ചുമതലപ്പെടുത്തി. |
| ഡി) | കാര്യക്ഷമമല്ലാത്ത പ്രസ്തുത നടപടികളാണോ പ്രളയ സമയത്ത് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനത്തിൽ പാളിച്ചകൾ ഉണ്ടാക്കിയതെന്ന് വ്യക്തമാക്കുമോ ? | ഡി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും പ്രളയ സമയത്തെ പ്രവർത്തനത്തിൽ ഒരു പാളിച്ചയും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ